**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 27** **10-06-2024 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിലേയ്ക്ക് എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ? | (എ) | ലഭിച്ച 6265 അപേക്ഷകളിൽ 5567 അപേക്ഷകൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്.<br><br>അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.<br><br>തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ